## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 180      04.06.2018-ൽ മറുപടിക്ക്**

## വാരാപ്പുഴ ശ്രീജിത്തിന്റെ അറസ്റ്റ് രേഖകളിൽ കൃത്രിമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ.കെ.എസ്. ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വാരാപ്പുഴയിൽ പോലീസിന്റെ മർദ്ദനത്തിന് ഇരയായി മരിച്ച ശ്രീജിത്തിനെ വീട്ടിൽ നിന്നും അറസ്റ്റ്ചെയ്തത് ആരാണ്; എന്നാണ് പ്രസ്തുത അറസ്റ്റ് നടത്തിയത് എന്നും ആരുടെ ഉത്തരവ് പ്രകാരമാണ് അറസ്റ്റ് ചെയ്തത് എന്നും അറിയിക്കാമോ; | (എ) എറണാകുളം റൂറൽ പോലീസ് ജില്ലയിലെ റൂറൽ ടൈഗർ ഫോഴ്സിൽപ്പെട്ട നിലവിൽ അറസ്റ്റിലായിട്ടുള്ള 1 മുതൽ 3 വരെയുള്ള പ്രതിപട്ടികയിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരാണ് 06.04.2018-ൽ ശ്രീജിത്തിനെ വീട്ടിൽ നിന്നും കസ്റ്റഡിയിലെടുത്തത്. 07.04.2018 തീയതി നോർത്ത് പറവൂർ ഇൻസ്പെക്ടറും ടി കേസ്സിലെ 5-ാം പ്രതിയുമായ ക്രിസ്പിൻ സാം ആണ് ശ്രീജിത്തിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. മറ്റു കാര്യങ്ങൾ അന്വേഷിച്ചു വരുന്നു. |
| (ബി) വ്യക്തികളെ അറസ്റ്റ് ചെയ്യുമ്പോൾ D.K. Basu v State of West Bengal 1997 എന്ന കേസിലെ സുപ്രീം-കോടതി വിധിപ്രകാരം പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തപ്പോൾ പാലിച്ചിരുന്നുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ് എന്ന് വെളിപ്പെടുത്താമോ; | (ബി) ഇക്കാര്യങ്ങളടക്കം അന്വേഷണത്തിലാണ്. |

| | |
|---|---|
| (സി) സി.പി.എം. പ്രാദേശിക നേതൃത്വത്തിന് ഈ അറസ്റ്റുമായി എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പാർട്ടിയുടെ പ്രാദേശിക നേതാവ് ഈ കേസിൽ കളവായി സാക്ഷിമൊഴി നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഡി) ശ്രീജിത്തിന്റെ കസ്റ്റഡി മരണത്തിന് ശേഷം അറസ്റ്റ് രേഖകളിൽ കൃത്രിമം കാണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരം കൃത്രിമം കാണിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) യും (ഡി) യും ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന കാര്യങ്ങളിലെല്ലാം വിശദമായ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ